<u>പതിനാലാം കേരള നിയമസഭ</u>

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1327 31.10.2019 -ൽ മറുപടിയ്ക്ക്

<u>ശാസ്ത്രപഥം ക്യാമ്പ്</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.പി. ഉണ്ണി**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ 'ശാസ്ത്രപഥം' എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട് . |
| ബി) കുട്ടികൾ പഠിക്കുന്ന ശാസ്ത്രതത്വങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും വിവിധ ശാസ്ത്രവിഷയങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസ - ഗവേഷണ സാധ്യതകളെ ക്കുറിച്ച് അറിവ് നേടാനും കുട്ടികളെ സഹായിക്കുംവിധം എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ശാസ്ത്ര ക്യാമ്പിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തെ പതിനൊന്നാം ക്ലാസിൽ സയൻസ് കോമ്പിനേഷനിൽ പഠിക്കുന്ന തെരഞ്ഞെടുത്ത കുട്ടികൾക്കായി 2018-19 വർഷം സമഗ്രശിക്ഷാ കേരളം ഹയർസെക്കന്ററി വിദ്യാഭ്യാസം, കൊളീജിയേറ്റ് വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ' ശാസ്ത്രപഥം.'ഓരോ ജില്ലയിലും തെരഞ്ഞെടുത്ത കോളേജുകളിൽ അതാതു ജില്ലയിലെ കുട്ടികൾക്ക് മൂന്നു ദിവസത്തെ റസിഡൻഷ്യൽ ക്യമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ ശാസ്ത്രാവബോധം, ശാസ്ത്രചരിത്രം,ശാസ്ത്രജ്ഞൻമാരുടെ ജീവിത ചരിത്രം, ശാസ്ത്ര സാങ്കേതിക സ്ഥാപന സന്ദർശനം, വിദ്യാർത്ഥികളുടെ പ്രൊജക്ട് അവതരണം, ശാസ്ത്ര രംഗത്തുള്ള പുതിയ നേട്ടങ്ങൾ, ഐ.റ്റി മേഖലയുടെ ഉപയോഗം, പരീക്ഷണങ്ങളും പ്രവർത്തനങ്ങളും, പ്രഭാഷണങ്ങൾ, ശാസ്ത്രത്തിൽ ഉണ്ടാകുന്ന വികാസവികാസങ്ങൾ, സമൂഹത്തെ നേരിട്ടുബാധിക്കുന്ന ശാസ്ത്ര വിഷയങ്ങൾ, ശാസ്ത്ര വിജ്ഞാനം എന്നിങ്ങനെ സമൂഹവുമായി പങ്കുവയ്ക്കാം, ശാസ്ത്രജ്ഞൻ മാരുമായിട്ടുള്ള മുഖാമുഖം എന്നിവയ്ക്ക് ഊന്നൽ നൽകി. കോളേജിലെ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക ജില്ലാതല പ്രോഗ്രാം കോർഡിനേറ്റർ ആയി പ്രവർത്തിച്ചു. ജില്ലാതലത്തിലെ ഓരോ ക്യാമ്പിൽ നിന്നും മികവുപുലർത്തിയ |

5 ശതമാനം കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് 'ഐസർ' തിരുവനന്തപുരത്ത് 5 ദിവസത്തെ സംസ്ഥാനതല ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാനതല ക്യാമ്പിൽ104 കുട്ടികളും 14 അദ്ധ്യാപകരും പങ്കെടുത്തു.

സി) പ്രസ്തുത ക്യാമ്പിൽ ഏതെല്ലാം ശാസ്ത്രവിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നതെന്നും വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ നയിച്ചത് ആരൊക്കെയാണെന്നും അറിയിക്കാമോ;

സി) ശാസ്ത്രപഥം ജില്ലാതല ക്യാമ്പിൽ ഫിസിക്സ് കെമിസ്ട്രി, ബോട്ടണി, സുവോളജി, കണക്ക് എന്നീ ശാസ്ത്ര വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ജില്ലാതല ക്യാമ്പിൽശാസ്ത്ര രംഗത്തെ വിദഗ്ധർ, കോളേജ് പ്രൊഫസർമാർ, ശാസ്ത്രജ്ഞൻമാർ, എന്നിവർ ക്ലാസുകൾ നയിച്ചു. ജില്ലാതല ക്യാമ്പുകളിൽ ഓരോ ബാച്ചിലും റിസർച്ച് സ്കോളർമാർ, പി.ജി. വിദ്യാർത്ഥികൾ എന്നിവർ മെൻറർമാരായി പ്രവർത്തിച്ചു.

സംസ്ഥാനതല 'ശാസ്ത്രപഥം' ക്യാമ്പ് ഐസർ തിരുവനന്തപുരത്തുവച്ച് നടത്തി. ഐ.ഐ.റ്റി അദ്ധ്യാപകർ ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപകർ, ശാസ്ത്രജ്ഞൻമാർ ഐ.ഐ.എസ്.റ്റി, ഐ.ഐ.എസ്.ഇ.ആർ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, പ്രസിദ്ധരായ പ്രൊഫസർമാർ എന്നിവർ ക്ലാസുകൾ നയിച്ചു. ഐ.ഐ.എസ്.ഇ.ആർലെ റിസർച്ച് സ്കോളർമാരും ബി.എസ്.എം.എസ് വിദ്യാർത്ഥികളും മെൻറർമാരായി പ്രവർത്തിച്ചു.

ഡി) ആധുനിക ശാസ്ത്രോപകരണങ്ങളും കണ്ടുപിടിത്തങ്ങളും സാമൂഹ്യ പുരോഗതിക്കായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ ക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാൻ ഇത്തരം ശാസ്ത്ര ക്യാമ്പുകൾ തുടർന്നും സംഘടിപ്പി ക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഡി) കഴിഞ്ഞവർഷം നടപ്പിലാക്കിയ ' ശാസ്ത്രപഥം 'പദ്ധതി ഈ വർഷവും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഈ വർഷം ശാസ്ത്രപഥം പരിപാടിയുടെ സംസ്ഥാനതല ക്യാമ്പ് ഐ.ഐ.എസ്.ഇ.ആർ തിരുവനന്തപുരം, ഐ.ഐ.റ്റി പാലക്കാട് എന്നീ സ്ഥാപനങ്ങളിൽ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു.

ഈ വർഷം സയൻസ് വിദ്യാർത്ഥികൾക്കായി ശാസ്ത്രപഥം പരിപാടി നടപ്പിലാക്കുന്നതോടൊപ്പം ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗം കുട്ടികൾക്കും ഒരു പരിപാടി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ